കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെ.എസ്.ഇ.ബി. വഹിക്കും. സമ്മാനാർഹമാകുന്ന സ്കൂളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൗരോർജ്ജ റാന്തലും ബഹുമതി പത്രവും നൽകും.

ലാഭപ്രഭ 2014 പദ്ധതിയിൽ 193000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം നല്കാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതിയുടെ സമ്മാനാർഹരെ നിശ്ചയിക്കാനായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് രണ്ട് വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങൾ അതാത് സ്കൂളുകളിൽ നിന്ന് ലഭിച്ച ശേഷം സമ്മാനാർഹരെ കണ്ടെത്താൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളായ സ്കൂളുകളിൽ നിന്ന് വിശദാംശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതു പൂർണ്ണമായി ലഭിച്ചു കഴിയുമ്പോൾ മാത്രമേ പൂർണ്ണ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

കൊല്ലം പരവൂരിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്

18 (2256) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ മുമ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഉണ്ടായിരുന്നത് സാങ്കേതിക കാരണങ്ങളാൽ നിറുത്തൽ ചെയ്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത നഗരസഭകൾ ഉണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മുനിസിപ്പാലിറ്റി എന്ന നിലയിൽ പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ, പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ എന്നിവ ചേർത്ത് പരവൂരിൽ പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2002-ൽ മേജർ സെക്ഷനുകൾ നിർത്തലാക്കി സബ് ഡിവിഷനുകൾ രൂപീകരിച്ചപ്പോൾ പറവൂർ മേജർ സെക്ഷൻ ഓഫീസ് പറവൂർ സെക്ഷൻ ഓഫീസാക്കുകയും അതിനെ ചാത്തന്നൂർ സബ് ഡിവിഷൻ പരിധിയിൽ ചേർക്കുകയും ചെയ്തു.

(ബി) പറവൂർ, ഒറ്റപ്പാലം, മട്ടന്നൂർ, ചാവക്കാട്, ഇരിങ്ങാലക്കുട, ഏലൂർ എന്നീ നഗരസഭകളിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾ ഇല്ല.

(സി) പറവൂർ, പൂതക്കുളം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ ഇപ്പോൾ ചാത്തന്നൂർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പരിധിയിലാണ്. ഈ സബ് ഡിവിഷനിൽ മൊത്തം നാല് സെക്ഷനുകൾ മാത്രമേ നിലവിലുള്ളൂ. ആകയാൽ പറവൂരിൽ ഒരു പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

ഊർജ്ജ പ്രതിസന്ധിയും സൗരോർജ്ജ പാനലും

19 (2257) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ എന്ന് വിശദമാക്കുമോ ?